സോഷ്യൽ സയൻസ് എച്ച്.എസ്.എ.-യുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

28 [1129] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സോഷ്യൽ സയൻസ് എച്ച്.എസ്.എ.-യുടെ ഇപ്പോഴത്തെ പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു :

(സി) ജില്ലയിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു : ഇനിയും എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദമാക്കുമോ ;

(ഡി) മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-6-2005-ലാണ് ലിസ്റ്റ് നിലവിൽ വന്നത്.

(ബി) ഒരാളെ നിയമിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ ഈ തസ്തികയിൽ ഒരൊഴിവ് റിപ്പോർട്ട് ചെയ്തു. ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

(ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

കോഴിക്കോട് ജില്ലയിലെ എയ്ഡഡ് യു.പി., എൽ.പി. സ്കൂളുകൾ

29 [1130] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട, അത്തോളി, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര വീതം സർക്കാർ എയ്ഡഡ് യു. പി. സ്ക്കൂളുകൾ, എൽ. പി. സ്കൂളുകൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ :

(ബി) ഈ സ്ക്കൂളുകളുടെ ലിസ്റ്റ് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളുമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരം പട്ടികയായി ചുവടെ ചേർക്കുന്നു :

പഞ്ചായത്ത്	സർക്കാർ		എയ്ഡഡ്		ആകെ	
	യു.പി.	എൽ.പി.	യു.പി.	എൽ.പി.	യു.പി.	എൽ.പി.
എലത്തൂർ	..	2	2	7	2	9
തലക്കളത്തൂർ	..	2	4	5	4	7
ഉള്ളിയേരി	3	5	1	3	4	8
അത്തോളി	1	2	..	6	1	8
പനങ്ങാട്	1	1	4	5	5	6
ബാലുശ്ശേരി	..	4	2	6	2	10
നന്മണ്ട	..	..	6	8	6	8

(ബി) സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയി † ഇതോടൊപ്പം വയ്ക്കുന്നു.

(സി) ഇതിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 11 എൽ.പി. സ്കൂളുകളും. ഒരു യു.പി. സ്കൂളും ഉണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 'ബി' ആയി †† ഇതോടൊപ്പം വയ്ക്കുന്നു.

പിറവം നിയോജകമണ്ഡലത്തിൽ അംഗീകാരത്തിനായി അപേക്ഷ നൽകിയ അൺഎയ്ഡഡ് സ്കൂളുകൾ

30 [1131] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഓരോ സ്കൂളും എത്ര വർഷമായി അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്നു ;

(സി) ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 13 സ്കൂളുകൾ.

(1) സെന്റ് മേരീസ് ഇ.എം. സ്കൂൾ, വെട്ടിത്തറ — 1992
(2) സ്പ്രിംഗ് സെൽ ഇ.എം. സ്കൂൾ, പാമ്പാക്കുട — 1981
(3) എം.പി.എം. ഇ.എം. എൽ.പി. സ്കൂൾ, പാമ്പാക്കുട — 1981
(4) സെന്റ് ജോർജ് ഇ.എം. സ്കൂൾ, തൃപ്പൂണിത്തുറ — 1979

† & †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly